**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- 2023-24 -പാലക്കാട് ജില്ല - ഷൊർണ്ണൂർ നിയമസഭാ മണ്ഡലത്തിലെ തൃക്കടീരി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **"തൃക്കടീരി പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ് നിർമിക്കൽ"** എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1750/2026/LSGD തീയതി,തിരുവനന്തപുരം, 16-09-2026

---

പരാമർശം:- 1) 28/04/2021 ലെ സ.ഉ(സാ)നം.67/2021/ധന സർക്കാർ ഉത്തരവ്

2) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20.05.2026 ലെ LSGD/PD/7562/2026-EW6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം II വാല്യം II ക്രമ നം.639 പ്രകാരം പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ തൃക്കടീരി പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ് എന്ന പ്രവൃത്തിയ്ക്ക് 150 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക കണക്കാക്കി 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഷൊർണ്ണൂർ നിയോജക മണ്ഡലം എം.എൽ.എ യുടെ ആവശ്യപ്രകാരം അക്രഡിറ്റഡ് ഏജൻസി മുഖേന PMC വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുന്നതിന്, നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായും, പാലക്കാട് ജില്ലാപഞ്ചായത്ത് കാര്യാലയത്തിന്റെ ഓഫീസ് നടപടിക്രമത്തിന്റേയും അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത അക്രഡിറ്റ് ഏജൻസികളിൽനിന്നും PMC വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവ് സെന്റേജ് നിരക്കായ 4.5% രേഖപ്പെടുത്തിയ M/s. KEL മാമല, കൊച്ചി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥാപനം സമർപ്പിച്ച Price Software ൽ തയ്യാറാക്കിയ 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, DPR ഉം, അനുബന്ധരേഖകളും ചീഫ് എഞ്ചിനീയർ പരാമർശിത കത്ത് പ്രകാരം സർക്കാരിൽ ഭരണാനുമതിക്കായി സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള പ്രവൃത്തികൾ പരാമർശം (1) ലെ വ്യവസ്ഥകൾ പാലിച്ചിരിയ്ക്കേണ്ടതാണെന്ന വ്യവസ്ഥയിൽ, 2023-2024 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുബന്ധം II, വാല്യം II- ക്രമ നം. 639 ആയി 150 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിക്കുന്നതുമായ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നിയമസഭാ മണ്ഡലത്തിലെ തൃക്കടീരി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന **"തൃക്കടീരി പഞ്ചായത്ത് ഓഫീസ് കെട്ടിടം നിർമിക്കൽ"** പ്രവൃത്തിയ്ക്ക് **150 ലക്ഷം രൂപയുടെ (നൂറ്റിയമ്പത് ലക്ഷം രൂപ മാത്രം)** ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് **4515-00-800-92(NP)** എന്ന ശീർഷകത്തിൽ നിന്നും നിലവിൽ അഡീഷണൽ പ്രൊവിഷൻ ആയി അനുവദിച്ചിട്ടുള്ള തുകയിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാനവാസ് എസ് ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, തൃക്കടീരി ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധന(വികസന) വകുപ്പ് (3556810/Dev-3/176/2026-Fin dtd 14.08.2026) (AS/LGD/26/52693)
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
8) കരുതൽ ഫയൽ (ഡി.ബി1/182/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 16-09-2026
17:06:51

സെക്ഷൻ ഓഫീസർ